**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 927** **07-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടിക ഗോത്രക്കാർക്കിടയിൽ സംരംഭകത്വം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗക്കാർക്കിടയിലെ ഉയർന്ന തോതിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പാക്കുന്ന പരിപാടികളെക്കുറിച്ച് അറിയിക്കാമോ; | (എ) | **പട്ടികവർഗ്ഗ വികസന വകുപ്പിൽ സംസ്ഥാനത്തെ പട്ടിക ഗോത്രവർഗക്കാർക്കിടയിലെ ഉയർന്ന തോതിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും പട്ടിക വർഗക്കാർക്കിടയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നിതിനും വകുപ്പ് നടപടികൾ സ്വീകരിച്ചു വരികയാണ്. പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ വഴി ലഭിക്കുന്ന പ്രോജക്ട് പ്രൊപ്പോസലുകളിൽ നിന്നും ജില്ലാ വ്യവസായ വാണിജ്യ വകുപ്പ് ഉദ്യോഗസ്ഥന്റെ ശുപാർശയിന്മേൽ ജില്ലാതല സമിതിയുടെ അനുമതിയോടെ വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി പ്രാരംഭദശയിലാണ്.<br><br>പട്ടികജാതി വികസന വകുപ്പിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പ് മുഖേന ഒരു ലക്ഷം രൂപ വരെയും (1/3 സബ്സിഡി) സ്വയം സഹായ സംഘങ്ങൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ 75%) സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിനുതകുന്ന ഒരു പദ്ധതിയായ സ്റ്റാർട്ടപ്പ് ഡ്രീംസ്, കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണത്തോടെ നടപ്പാക്കുന്നു.** |
| (ബി) | ഓരോ പഞ്ചായത്തിലും ഇത്തരത്തിലുള്ള യുവാക്കളുടെ സംഘം രൂപീകരിച്ച് വിവിധ | (ബി) | **അഭ്യസ്തവിദ്യരായ പട്ടികജാതി പട്ടികവർഗ്ഗ യുവതീയുവാക്കളെ ഒരേ സമയം തൊഴിൽ** |

| | | | |
|---|---|---|---|
| | മേഖലകളിലെ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | | **സംരംഭകരും തൊഴിൽ ദാതാക്കളുമാക്കുന്നതിനു വേണ്ടി ആവശ്യമായ പരിശീലനവും പിന്തുണയും നല്കി എംപവർമെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതിന്റെ നടപടികൾ അന്തിമ ഘട്ടത്തിലാണ്.** |
| (സി) | മികച്ച വിദ്യാഭ്യാസവും അഭിരുചിയുമുള്ളവരെ കണ്ടെത്തി പ്രോത്സാഹനം നൽകുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | **പട്ടികവർഗ്ഗ വികസന വകുപ്പിൽ അഭ്യസ്തവിദ്യരായ പട്ടികവർഗ യുവതീയുവാക്കൾക്ക് അവരവരുടെ താൽപര്യത്തിനനുസരിച്ചും ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുകയും അതിന്റെ ഭാഗമായി സ്ഥിരശമ്പളത്തോടുകൂടി നല്ല സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനോ കഴിയുന്നുണ്ട്. എയർലൈൻ കസ്റ്റമർ സർവ്വീസ്, എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റ്, ഓട്ടോഡയഗണോസിസ് ആന്റ് റിപ്പയർ, ഗ്രാഫിക് ഡിസൈനിംഗ് ഉടങ്ങി വിവിധ പരിശീലനങ്ങൾ വകുപ്പ് നല്കിവരുന്നുണ്ട്.**<br><br>**പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി വിവര സാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ ഉടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ